
# പ്രകൃതി

എം. എൻ.  കാരശ്ശേരി



പ്രകൃതി

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A Young Girl in Jutland Writing her Beloved's Name on a Misty Window, a painting by Christen Dalsgaard (1824–1907). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രകൃതി

കേട്ടാൽ തമാശ തോന്നും—'ബഷീറിന്റെ മരം' എന്നാണ് ഇപ്പോൾ മങ്കോസ്റ്റിൻ കേരളത്തിൽ അറിയപ്പെടുന്നത്. അത് കേരളത്തിൽ സർവ്വസാധാരണമായി കണ്ടുവരുന്നതല്ല. ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ എത്തിപ്പെട്ടതാണ്. കോഴിക്കോട് നഗരത്തിനു സമീപം ബേപ്പൂരിലെ വൈലാലിൽ വീട്ടിൽ താമസമാക്കിയപ്പോൾ മുറ്റത്ത് വേലിയുടെ അരികിൽ ബഷീർ ഒരു മാങ്കോസ്റ്റിൻ നട്ടുവളർത്തി. അതിന്റെ കുളപ്പിൻ ചാരുകസാലയിൽ ചാഞ്ഞു കിടന്നാണ് മൂപ്പരു് പാട്ട് കേൾക്കുന്നതും പുസ്തകം വായിക്കുന്നതും പത്രം നോക്കുന്നതും അതിഥികളോട്ട് വർത്തമാനം പറയുന്നതുമെല്ലാം. പത്രക്കാരും ആരാധകരും സുഹൃത്തുക്കളുമടങ്ങുന്ന ഒരു സദസ്സ് മിക്ക സമയത്തും ആ തണപ്പിൽ രൂപം കൊള്ളും. വർത്തമാനങ്ങളിലും കത്തുകളിലുമെല്ലാം അത്യാവശ്യത്തിനും ആവശ്യത്തിനും അനാവശ്യത്തിനും അദ്ദേഹം മെലിഞ്ഞുയർന്ന ആ മരത്തെപ്പറ്റിയും അതിന്റെ കാരുണ്യത്തെപ്പറ്റിയും നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. 'മരച്ചുവട്ടിലെ സിദ്ധൻ' എന്ന് ബഷീർ സ്വയം പരിഹസിച്ചിരുന്നു. അവസാനകാലത്ത് 'മാതൃഭൂമി ആഴ്ചപതിപ്പി'ൽ എഴുതിയ പംക്തിക്ക് 'മരച്ചുവട്ടിൽ' എന്നായിരുന്നു തലക്കെട്ട്. മരിച്ചാൽ തന്റെ ദേഹം അതിന്റെ ചുവട്ടിൽ ഖബറടക്കണം എന്നും പറഞ്ഞേൽപിച്ചിരുന്നു. സാഹചര്യവശാൽ അത് നടന്നില്ല. ബേപ്പൂരിലെ ജുമുഅത്ത് പള്ളി ഖബറിസ്ഥാനിലാണ് അടക്കിയത്.

ഏറ്റവും അടുത്ത കൂട്ടുകാരനെപ്പറ്റി പറയുന്നതുപോലെയാണ് ബഷീർ ആ മരത്തെപ്പറ്റി പറഞ്ഞിരുന്നത്. ആ പരാമർശങ്ങളിലൂടെ മാങ്കോസ്റ്റിൻ മലയാളത്തിൽ പ്രശസ്തമായി. ഇന്ന് മലയാളികളുടെ ബോധത്തിൽ ബഷീറിന്റെ പ്രതിരൂപം മാങ്കോസ്റ്റിൻമരമാണ്.

ഈ പ്രകൃതിസ്നേഹം ബഷീറിന്റെ വ്യക്തിജീവിതത്തിലും സാഹിത്യരചനകളിലും തുടക്കം മുതലേ കണ്ടുവരുന്നതാണ്. ഈ മനോഭാവം ഉമ്മയിൽ നിന്ന് പകർന്നു കിട്ടിയതാവാം. ആത്മകഥയിൽ 22-ാം അധ്യായത്തിൽ രേഖപ്പെട്ടു കിടക്കുന്ന ഒരു സംഭവം:

ബഷീർ അന്ന് കുട്ടിയാണ്. മഴക്കാലം. വെള്ളപ്പൊക്കം കയറിയ വീട്ടിന്റെ തൂണിൽ കണ്ട കരിന്തേളിനെ അടിച്ചു കൊല്ലാൻ ബാപ്പ പറഞ്ഞു. ഉമ്മ സമ്മതിച്ചില്ല. അല്ലാഹുവിന്റെ സൃഷ്ടി! അത് അഭയം തേടി വന്നിരിക്കയാണ്. അങ്ങനെ വിട്ടുകളഞ്ഞ കരിന്തേൾ, പിന്നെ നോക്കുമ്പോൾ ഉമ്മയുടെ തുണിയിലൂടെ കയറി തുടയിലെത്തി അള്ളിപ്പിടിച്ചിരിപ്പാണ്. ബാപ്പ വീണ്ടും അതിനെ കൊല്ലാൻ കൽപിച്ചു. എന്നിട്ടും ഉമ്മ കൂട്ടാക്കിയില്ല. 'അത് കുത്താതിരുന്നത് കണ്ടില്ലേ' എന്ന് ന്യായം ചോദിക്കുകയും ചെയ്തു. ഒരു പൊട്ടിയ മൺചട്ടിയിൽ കരുതലോടെ എടുത്തു വെച്ച് ഉമ്മ അതിനെ ജലപ്രവാഹത്തിലേക്ക് ഒഴുക്കി വിട്ടു.

പ്രകൃതിയുടെ മനോഹാരിതയും ഗാംഭീര്യവും അപാരതയും എന്നും ബഷീറിനെ ആകർഷിക്കുകയും അമ്പരപ്പിക്കുകയും ചെയ്തിരുന്നു. മരുഭൂമിയുടെ അപാരതയും നിലാവിന്റെ ആകർഷണീയതയും അദ്ദേഹത്തെ പ്രകമ്പനം കൊള്ളിക്കുന്നു. മതിലുകൾ എന്ന നോവലിൽ കാണുന്ന അനുഭവം:

'ഒന്നുമനസ്സിലായി. ഞാൻ ഇതുവരെ ഇരുട്ടു കണ്ടിട്ടില്ല...! ഒന്നും കാണാൻ കഴിയാത്ത അത്ഭുതകരമായ ആദിമമായ കൂരിരുളുകളേ! അന്തമില്ലാത്ത ആകാശവിശാലതയിൽ മിന്നി, മിന്നിത്തിളങ്ങുന്ന നക്ഷത്രകോടികളേ! ചന്ദ്രികാചാർച്ചിതമായ മോഹന, മോഹന രാവേ!'

'നിങ്ങളെ... നിങ്ങളെ ഞാനിതുവരെ കണ്ടിട്ടില്ലല്ലോ...?'

'ഇത് ശരിയല്ല! കണ്ടിട്ടുണ്ട്. എല്ലാം ഞാൻ കണ്ടിട്ടുണ്ട്. വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്നുമാത്രം. രാത്രിയുടെയും മറ്റും സൗന്ദര്യം ആര് വകവെക്കുന്നു! ആര് ശ്രദ്ധിക്കുന്നു?'

'യാമിനീ!'

'ഓർത്തപ്പോൾ പണ്ടത്തെ ഒരു സുന്ദരരാത്രി ഓർമ്മ വന്നു. ഒരു ചെറു ഗ്രാമം. പിന്നെയങ്ങോട്ട് ആയിരമായിരം മൈൽ വെറും പൊടിമണൽ നിറഞ്ഞ മരുഭൂമി. ചക്രവാളം, മഹാചക്രവാളം നിറയെ ഇതുപോലുള്ള ഒരു സന്ധ്യ. ഞാൻ ആ മരുഭൂമിയിലേക്കിറങ്ങി. ഏതാണ്ട് ഒരു മൈൽ നടന്നു കാണും... ചുറ്റും വെൺപട്ടു വിരിച്ചതുപോലെ... മണൽപരപ്പമാത്രം. ഞാൻ ആ മഹാപ്രപഞ്ചത്തിന്റെ ഒത്തനടുക്ക് തനിച്ച്... തനിച്ച് തലക്കുമീതെ കയ്യെത്തിച്ചു തൊടാവുന്ന ഉയരത്തിൽ തെളിവേറിയ പൂർണചന്ദ്രൻ.'

'കഴുകി വെടിപ്പാക്കിയ നീലാകാശം.'

'പൂർണചന്ദ്രനും നക്ഷത്രങ്ങളും.'

'വളരെ മുഴപ്പോടെ തിളങ്ങുന്ന നക്ഷത്രങ്ങൾ. കോടി... അനന്തകോടി... എണ്ണമില്ലാത്ത നക്ഷത്രങ്ങൾ.'

'പൂർണ വൃത്തത്തിൽ ചന്ദ്രൻ.'

'നിശ്ശബ്ദപ്രപഞ്ചം... എന്നാൽ... എന്തോ... ഏതോ... ദിവ്യമായ നിശ്ശബ്ദസംഗീതം പോലെ... നാദബ്രഹ്മത്തിന്റെ അനന്തമായ വിഭ്രമം... എല്ലാം അതിൽ മുഴുകിപ്പോയിരിക്കുന്നു. ആനന്ദാത്ഭുതത്തോടെ ഞാൻ നിന്നു. എന്റെ അത്ഭുതവും ആനന്ദവും കണ്ണുനീരായി മാറി. ഞാൻ കരഞ്ഞു. ആവതില്ലാതെ ഞാൻ കരഞ്ഞുകൊണ്ട് മനുഷ്യരുടെ ഇടയിലേക്ക് ഓടി.'

'ലോകാലോകങ്ങളുടെ സ്രഷ്ടാവേ...! എന്നെ രക്ഷിക്ക്. എനിക്കിതെന്നിൽ ഉൾക്കൊള്ളാൻ തീരെ കഴിയുന്നില്ല. നിന്റെ ഈ മഹാപ്രഭാവം... ഈ മഹാത്ഭുതം... ഞാൻ വളരെച്ചെറിയ ഒരു ജീവിയാണല്ലോ. എനിക്കു വയ്യ. എന്നെ രക്ഷിക്ക്!!'

'അനർഘനിമിഷ'ത്തിലെ ഗദ്യകവിതകളിൽ പ്രകൃതിയുടെ മനോഹാരിത ദാർശനികഗരിമയിലും കാൽപനികമാധുരിയിലും ബഷീർ ചിത്രപ്പെടുത്തിയിട്ടുണ്ട്:

'അന്തിമനിശ്വാസമായി പരക്കുന്ന സുരഭിലമായ കുളിർനിലാവിൽ മുങ്ങിയ പൂങ്കാവനം പണ്ടത്തെ മാതിരി വീണ്ടും രൂപരഹിതമായ കിനാവിൽ മുഴുകുകയായി.'

'ഞാൻ മാത്രം ഏകാന്തതയുടെ ഈ മഹാതീരത്ത്'

'ഞാൻ മാത്രം' (ഏകാന്തതയുടെ മഹാതീരം)

ഇതാണ് ബഷീറിന്റെ സ്ഥായിഭാവം—പ്രപഞ്ചത്തിന്റെ അപാരതയും തന്റെ ഏകാന്തതയും. താൻ അണ്ഡകടാഹത്തിന്റെ നിസ്സാരമായൊരംശം മാത്രമാണെന്ന് അദ്ദേഹം കണ്ടു; ആ തന്മയിൽ പ്രപഞ്ചത്തിന്റെ എല്ലാ അംശങ്ങളും ഉണ്ടെന്നും. മരങ്ങളും മലകളും പറവകളും ഇഴജാതികളും ജന്തുക്കളും മനുഷ്യരും തുല്യപ്രാമാണ്യത്തോടെ അദ്ദേഹത്തിന്റെ പ്രപഞ്ചത്തിൽ പുലരുന്നു; ആനയും ആടും പട്ടിയും എല്ലാം മനുഷ്യരെപ്പോലെ കഥാപാത്രങ്ങളായിത്തീരുന്നു. ഒരു കഥയിൽ തന്നെക്കടിച്ച കൊതുകിനെ കൊല്ലാതെ വിട്ടതെന്തുകൊണ്ട് എന്ന് ഭാര്യയോട് അദ്ദേഹം വിശദീകരിക്കുന്നുണ്ട്: 'മരണം കാത്തു കഴിയുന്ന മനുഷ്യനല്ലേ? അൽപം രക്തദാനം ആയിക്കളയാം എന്നു വിചാരിച്ചു. പിന്നെ എന്റെ ചോരകുടിച്ചോളാൻ ദൈവം തമ്പുരാൻ കൽപിച്ചിട്ടുമുണ്ടല്ലോ!' (കൊതുകിനെ കൊല്ലാമോ?—യാ ഇലാഹീ!)

ഈ മനോഭാവത്തോടെയാണ് ബഷീറിന്റെ മിക്ക കഥാപാത്രങ്ങളും പെരുമാറുന്നത്. 'ന്റുപ്പുപ്പാ'യിലെ കുഞ്ഞുപാത്തുമ്മയുടെ ഈ അനുഭവം നോക്കു:

'സാവധാനത്തിൽ വെള്ളത്തിൽ ഇറങ്ങി. മുലനീരായപ്പോൾ അവൾ മുങ്ങി. തുടർന്നു രണ്ടുമൂന്ന് മുങ്ങിയിട്ട് ദേഹമെല്ലാം തേക്കാൻ തുടങ്ങി. യാദൃച്ഛികമായി വെള്ളത്തിൽ നോക്കിയപ്പോൾ ചുരുങ്ങിയും നീണ്ടും വണ്ണം കുറഞ്ഞ ഒരു കറുത്ത സാധനം അവളുടെ സമീപത്തേക്ക് ധൃതിയായി വരുന്നു!'

'പടച്ചോനെ, കന്നട്ട!'

'കുഞ്ഞുപാത്തുമ്മ വേഗത്തിൽ കരക്കുകയറി തോർത്തി. തുടയിലെന്തോ കറുത്തത്... നോക്കിയപ്പോൾ അവൾ ആകെ കുഴങ്ങി. അറച്ചുവിറച്ചുപോയി. ഒരട്ട അവളുടെ തുടയിൽ കടിച്ചിരിക്കുന്നു! രണ്ടു തലകൊണ്ടും!'

"ഉമ്മായേ! ബാപ്പായേ! ഓടിവായോ! എന്നെ കടിച്ച് കൊല്ലണേ! ഓടിവായോ! എല്ലാരും ഓടിവായോ!' എന്നു മുറവിളി കൂട്ടണമെന്ന് കുഞ്ഞുപാത്തുമ്മായ്ക്കു തോന്നി. പക്ഷേ, അവൾ കുപ്പായം ഇട്ടിട്ടില്ല! മുണ്ടും ഉടുത്തിട്ടില്ല! എന്തുചെയ്യും?'

'അവൾ പുകഞ്ഞു വെന്ത് അറച്ചുവെറച്ച് അങ്ങനെ നിന്നു. അട്ട വീർത്തുവരികയാണ്. അത് ഒരറ്റം വിട്ട് തടിയനായി തൂങ്ങിക്കിടന്നപ്പോൾ വിഷമം അധികരിച്ചു. അനങ്ങുമ്പോൾ അത് നഗ്നമായ തുടയിൽ മിനുസമായി ഉരസും. ഹോ... അവൾ പല്ലും കടിച്ച് അങ്ങനെ നിന്നു. അട്ട ഒരു ഉണ്ടയായി താഴെ വീണപ്പോൾ അവൾ നിന്നു തുള്ളിപ്പോയി!'

'തുടയിൽ ചോര പറ്റിയിരിക്കുന്നു. കിനിയുന്നുമുണ്ട്. അവൾ ഒരു കൈ വെള്ളം കോരി തുടയിലെ ചോര കഴുകിക്കളഞ്ഞു.'

'കന്നട്ടയെ എന്താ ചെയ്യുക?'

'അവൾക്ക് ദേഷ്യവും അറപ്പുമുണ്ട്. അതിനെ ഒരു പാട്ട് ചീത്തപറയണമെന്നുണ്ട്. എന്ത് ചീത്തയാണ് പറയുക?'

"ഇബ്‌ലീസേ, ന്റെ ചോര നീ മുയുമനും കുടിച്ച്' എന്നു പറഞ്ഞിട്ട് അവൾ അതിനെ കൊല്ലാൻ വിചാരിച്ചു. പക്ഷേ, സാധ്യമല്ല. അട്ടക്ക് ഉമ്മായും ബാപ്പായും കാണും. അല്ലാഹ സൃഷ്ടിച്ചതാണ്. കുഞ്ഞുപാത്തുമ്മയേയും സൃഷ്ടിച്ചത് അല്ലാഹുവാണ്. അപ്പോഴോ? കൊല്ലാൻ പാടില്ല. പാവമാണ്. ദോഷം.'

'എന്തായാലും പൊയ്ക്കോട്ടെ. അതിന്റെ വീട്ടിലേക്ക് വിട്ടേക്കാം. രക്ഷപ്പെടട്ടേ. പോ.'

'അട്ടേ, നീ ഞ്ഞി ആരേം കടിച്ച് ചോര കുടിച്ചരുത്, കേട്ടോ? ചോര കുടിച്ചാലേ നീ മരിച്ച് ചെല്ലുമ്പ പടച്ചോൻ നിന്നെ നരകത്തീടും, കേട്ടോ!' എന്നും പറഞ്ഞ് അവൾ ആ സൽപ്രവൃത്തിക്ക് മുതിർന്നു. അവൾ ഒരു കമ്പെടുത്ത് അതിനെ നോവിക്കാതെ പതുക്കെ തോണ്ടി വെള്ളത്തിലിട്ടു. (നാലാം അധ്യായം)

മൃഗങ്ങളോടും പറവകളോടും മരങ്ങളോടും എല്ലാം വർത്തമാനം പറയുന്ന ഒരു രീതി ബഷീറിന് നിത്യജീവിതത്തിൽ തന്നെ ഉണ്ടായിരുന്നു. അദ്ദേഹം അണ്ണാനോട്ട് സംസാരിക്കുന്ന രംഗം 'മതിലുകളി'ലും കുടുംബാംഗങ്ങളോടെന്ന പോലെ ആടിനോട്ട് വർത്തമാനം പറയുന്ന രംഗം പാത്തുമ്മയുടെ ആടിലും കാണാം. ആൺകുരുവിയും പെൺകുരുവിയും തമ്മിലുള്ള വഴക്കിൽ കുഞ്ഞുപാത്തുമ്മയും അണ്ണാനും ഇടപെടുന്നതായി 'ന്റുപ്പുപ്പാ'യിൽ ചിത്രീകരിച്ചിട്ടുണ്ട്. ആൺകുരുവിയെ 'കെട്ടിയോൻ കുരുവി' എന്നും പെൺകുരുവിയെ 'കെട്ടിയോൾ കുരുവി' എന്നും ആണ് കുഞ്ഞുപാത്തുമ്മ വിളിക്കുന്നത്. അവരൊക്കെ വ്യക്തികളാണ് എന്ന് വ്യംഗ്യം.

മനുഷ്യരെപ്പോലെ എല്ലാ ജീവജാലങ്ങളും 'ഭൂമിയുടെ അവകാശികൾ' ആണ് എന്ന് അദ്ദേഹം എപ്പോഴും എവിടെയും പ്രഖ്യാപിക്കുന്നുണ്ട്.

ഇന്ന് മുന്നേറി വരുന്ന പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ നോട്ടപ്പാടിൽ ബഷീറിന്റെ വലുതും ചെറുതുമായ ഏത് രചനയും വളരെ വിലപിടിച്ചതായിരിക്കും.

അപൂർവ്വമായൊരു ലേഖനം ബഷീർ എഴുതിയിട്ടുണ്ട്. തലക്കെട്ട്: 'എന്റെ ചരമക്കുറിപ്പ്.' മരണാനന്തരം പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി മലയാള മനോരമ ദിനപത്രത്തിന് എഴുതിക്കൊടുത്ത ആ കുറിപ്പ് അദ്ദേഹം മരിച്ച ദിവസം (5 ജൂൺ 1994) അച്ചടിച്ചുവന്നു. അതിൽ 'ഒരാളോ'ടേ പ്രത്യേകമായി വിടചോദിച്ചിട്ടുള്ളൂ—മാങ്കോസ്റ്റിൻ മരത്തോട്!

ആ കുറിപ്പ് അവസാനിക്കുന്നു:

'എല്ലാവർക്കും സലാം. മാങ്കോസ്റ്റിൻ മരത്തിനും സർവ്വമാനജന്തുക്കൾക്കും സലാം. എന്തെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അണ്ഡകടാഹമേ മാപ്പ്! എല്ലാവർക്കും മംഗളം. ശുഭം.'

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.